(7) ഫോർട്ട് കൊച്ചി -കൊല്ലം റോഡിന്റെ വികസനം

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകളിലെ തീരദേശ പ്രദേശങ്ങളുടെ വികസനത്തിന് സാദ്ധ്യമാകുന്ന ഒന്നാണ് സ്റ്റേറ്റ് ഹൈവേ ആയി നിലവിലുള്ള റോഡ് പ്രഖ്യാപിക്കുന്നത്. ഫോർട്ട് കൊച്ചിയിൽ നിന്ന് ആരംഭിച്ച് ഏതാണ്ട് മാരാരിക്കുളം വരെ വന്നു നിൽക്കുന്ന ആ റോഡ് ആലപ്പുഴയിലൂടെ അമ്പലപ്പുഴ, കൊല്ലം വരെ എത്തിച്ചു കഴിഞ്ഞാൽ ഇന്ന് ഉള്ള ഗതാഗതസൗകര്യം വർദ്ധിക്കുക മാത്രമല്ല തീരദേശ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ മാറ്റാനും കഴിയും. അതുകൊണ്ട് ഫോർട്ട് കൊച്ചിയിൽ നിന്ന് ആരംഭിച്ച് ചെല്ലാനം വഴി പോകുന്ന ഈ പ്രദേശത്തെ റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഫോർട്ട് കൊച്ചിയിൽ നിന്ന് ആരംഭിക്കുന്ന ചെല്ലാനം പള്ളിത്തോട് റോഡ് വരെയുള്ള ഭാഗത്ത് മഴക്കാലങ്ങളിൽ, വേലിയേറ്റ സമയങ്ങളിൽ വെള്ളം കയറി സാരമായ നഷ്ടം ഉണ്ടാകാറുണ്ട്. മേൽപ്പടി റോഡിലെ പുത്തൻതോട് പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരികയാണ്. പള്ളിത്തോട് നിന്നും അർത്തുങ്കൽ വഴി ആലപ്പുഴ, ഹരിപ്പാടിന്റെ പടിഞ്ഞാറ് ഭാഗത്ത് കൂടി കായംകുളത്ത് എത്തുന്ന റോഡിൽ ആലപ്പുഴ, ചെല്ലാനം മുതൽ അർത്തുങ്കൽ വരെ വരുന്ന ഭാഗത്ത് നബാർഡിന്റെ സഹായത്തോടുകൂടി വികസന പ്രവർത്തനം നടന്നുവരികയാണ്. അർത്തുങ്കൽ മുതൽ ആലപ്പുഴ വരെയുള്ള റോഡ് ഇപ്പോൾ സഞ്ചാര യോഗ്യമാണ്. ആലപ്പുഴ, അമ്പലപ്പുഴ വഴി തോട്ടപ്പള്ളി വരെയുള്ള റോഡിന്റെ പല ഭാഗങ്ങളും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണ്. പുറക്കാട് കടലും എൻ.എച്ച്. 47-ഉം വളരെ അടുത്ത് കിടക്കുകയാണ്. ഈ ഭാഗത്ത് പുതിയ റോഡ് നിർമ്മിക്കുക സാദ്ധ്യമല്ല. തോട്ടപ്പള്ളി മുതൽ ഹരിപ്പാട് തൃക്കുന്നപ്പുഴ, വലിയഴിക്കൽ വരെ സഞ്ചാരയോഗ്യമായ റോഡ് ഉണ്ട്. തോട്ടപ്പള്ളിയിലും വലിയഴിക്കലും പുതുതായി പാലം നിർമ്മിച്ചാൽ മാത്രമേ ഈ റോഡിന് പൂർണ്ണമായ പ്രയോജനം ലഭിക്കുകയുള്ളൂ. വലിയഴിക്കൽ മുതൽ പണിക്കർ കടവ് വരെ 9.35 കിലോമീറ്റർ നീളത്തിൽ തീരദേശ റോഡുണ്ട്. പക്ഷേ അത് പഞ്ചായത്തിന്റെ കൈവശത്താണ്. കൂടാതെ റോഡിന്റെ പല ഭാഗങ്ങളിലും മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളായതിനാൽ വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം ലഭ്യമാക്കാൻ പ്രയാസമുണ്ട്. ഫോർട്ട് കൊച്ചിയിൽ നിന്നും ആരംഭിച്ച് തെക്ക് ഭാഗത്തു പോകുന്ന ഇപ്പോഴുള്ള റോഡ് സ്റ്റേറ്റ് ഹൈവേ ആയി ഉയർത്തുന്നതിന് മുൻപായി നിലവിലുള്ള പല റോഡുകളും പഞ്ചായത്തിന്റെ അധീനതയിൽ നിന്ന് പൊതുമരാമത്തു വകുപ്പിന് കൈമാറേണ്ടതായിട്ടുണ്ട്. ഏതാണ്ട് മൂന്ന് പുതിയ പാലങ്ങൾ നിർമ്മിച്ചാൽ മാത്രമേ പ്രസ്തുത തീരപ്രദേശത്തെ റോഡ് പൂർണ്ണമാവുകയുള്ളൂ. സർക്കാരിന്റെ സാമ്പത്തിക പരിമിതിക്ക് ഉള്ളിൽ നിന്നുകൊണ്ട് നിലവിലുള്ള റോഡുകളുടേയും പാലങ്ങളുടേയും വികസനം ഏറ്റെടുത്ത് ഘട്ടം ഘട്ടമായി പൂർത്തിയാക്കിയതിന് ശേഷമേ മേൽപ്പടി റോഡ് സംസ്ഥാന ഹൈവേ ആയി ഉയർത്തുന്ന കാര്യം ആലോചിക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly